ഉത്തരം

(എ) പേരാമ്പ്ര മണ്ഡലത്തിൽ 243 ആദിവാസി കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഓരോ കുടുംബത്തിനും ഒരേക്കർ ഭൂമി വീതമാണ് നൽകിയത്. പേരു വിവരം †അനുബന്ധമായി ചേർക്കുന്നു.

(സി) മുതുകാട് വിതരണം ചെയ്ത ഭൂമി എസ്റ്റേറ്റ് ഭൂമിയും, പേരാമ്പ്ര എസ്റ്റേറ്റ് ഭൂമി പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്നും ഏറ്റെടുത്തതുമാണ്.

(ഡി) ഉണ്ട്.

(ഇ) മുതുകാട് അവശേഷിക്കുന്ന ഭൂമി വിതരണ യോഗ്യമല്ല. പേരാമ്പ്ര എസ്റ്റേറ്റിൽ ശേഷിക്കുന്ന ഭൂമിയിൽ വിതരണയോഗ്യമായ 102 ഏക്കർ വയനാട് ജില്ലയിൽ നിന്നുള്ള 102 ഭൂരഹിത ആദിവാസി കുടുംബങ്ങൾക്ക് വിതരണത്തിന് നടപടികൾ പൂർത്തിയായി വരുന്നു.

ക്ഷേത്രപ്രവേശന വിളംബര അനുസ്മരണ പരിപാടികൾ

122 [1808] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ ക്ഷേത്രപ്രവേശന വിളംബര ദിനവുമായി ബന്ധപ്പെട്ട് പട്ടികവിഭാഗ വികസന വകുപ്പ് എന്തെല്ലാം പരിപാടികളായിരുന്നു സംഘടിപ്പിച്ചിരുന്നത്;

(ബി) ഓരോ പരിപാടിയും എന്ന് എവിടെയെല്ലാം വച്ച് നടത്തി എന്നും ഓരോ പരിപാടിക്കും എത്ര രൂപ വീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) വിളംബര സന്ദേശ യാത്ര എവിടെനിന്നും എവിടേക്കായിരുന്നു സംഘടിപ്പിച്ചത്;

(ഡി) വിളംബര സന്ദേശ യാത്രക്ക് എത്ര രൂപ ചെലവഴിച്ചു;

(ഇ) ക്ഷേത്രപ്രവേശന വിളംബരവുമായി ബന്ധപ്പെടുത്തി സർക്കാർ പ്രസ്സിൽ നിന്നും പോസ്റ്ററുകൾ, പുസ്തകങ്ങൾ, ലഘുലേഖകൾ, എന്നിവ എത്ര വീതം പ്രിന്റ് ചെയ്ത് പുറത്തിറക്കി;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ക്ഷേത്രപ്രവേശന വിളംബരം പ്രസക്തിയും പ്രയോജനവും എന്ന പുസ്തകത്തിന്റെ എത്ര കോപ്പികൾ പുറത്തിറക്കി; എത്ര രൂപ ചെലവുവരും;

(ജി) പ്രസ്തുത പ്രസിദ്ധീകരണം ഡയറക്ടറേറ്റിൽ കെട്ടി കിടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ജില്ലാ സംസ്ഥാനതല കലാമത്സരങ്ങൾ, ക്ഷേത്ര ദർശനം, ശ്രീ ചിത്തിര തിരുനാൾ, ശ്രീ. അയ്യങ്കാളി എന്നിവരുടെ പ്രതിമയിലും കവടിയാർ കൊട്ടാരവളപ്പിലെ പഞ്ചവടിയിലും പുഷ്പാർച്ചന, പ്രതിമകളിൽ ഹാരാർപ്പണം, ക്ഷേത്രപ്രവേശന വിളംബര സ്മൃതിയാത്ര, പൊതുസമ്മേളനം, വയനാട് കനവ് ഗുരുകുലം സമിതിയുടെ ഗാനമേള എന്നീ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി.

(ബി) ജില്ലാതല കലാ മത്സരങ്ങൾ നവംബർ മാസം ആദ്യവാരം ജില്ലാ ആസ്ഥാനങ്ങളിൽ വച്ച് നടത്തി ഇതിലേക്കായി മൊത്തം 98,000 രൂപ ചെലവായി. സംസ്ഥാനതല കലാമത്സരങ്ങൾ തിരുവനന്തപുരത്തെ വി. ജെ. ടി. ഹാളിൽ വച്ച് 13-11-2003-ന് നടത്തി. ഇതിനായി 19,250 രൂപ ചെലവായി. തിരുവനന്തപുരം പത്മനാഭസ്വാമി ക്ഷേത്ര ദർശനവുമായി ബന്ധപ്പെട്ട് 900 രൂപ ചെലവായി. പുഷ്പാർച്ചനയും ഹാരാർപ്പണവും 13-11-2003-ന് തിരുവനന്തപുരത്ത് കോട്ടയ്ക്കകം, വെള്ളയമ്പലം, കവടിയാർ, എന്നിവിടങ്ങളിൽ നടന്നു. ഇതിലേക്കായി 5600 രൂപ ചെലവായി. വിളംബരസന്ദേശ യാത്ര 13-11 2003 തിരുവനന്തപുരത്തെ കവടിയാർ മുതൽ വി.ജെ.ടി. ഹാൾ വരെയായിരുന്നു. ഇതിനായി മൊത്തം 1,16,585 രൂപ ചെലവായി. പൊതുസമ്മേളനം, കലാപരിപാടികൾ എന്നിവ 13-11-2003-ന് തിരുവനന്തപുരം വി.ജെ.ടി. ഹാളിൽ വച്ച് നടത്തി. ഇതിലേക്കായി മൊത്തം 84,404 രൂപ ചെലവായി.

(സി) വിളംബരസന്ദേശ യാത്ര തിരുവനന്തപുരത്ത് കവടിയാർ മുതൽ വി.ജെ.ടി. ഹാൾ വരെയാണ് സംഘടിപ്പിച്ചത്.

(ഡി) 1,16,585 രൂപ ചെലവായി. സന്ദേശ യാത്രയിൽ പങ്കെടുത്ത ഗ്രൂപ്പുകൾ, പ്ലോട്ടുകൾ, വാഹനം, മുത്തുകുട, ഉച്ചഭാഷിണി, പങ്കെടുത്ത സ്കൂൾ കുട്ടികൾക്കും ഗ്രൂപ്പുകൾക്കുമുള്ള ലഘുഭക്ഷണം എന്നിവയുൾപ്പെടെയാണ് ഈ തുക ചെലവായത്.

(ഇ) ക്ഷേത്രപ്രവേശനവിളംബര ദിനവുമായി ബന്ധപ്പെട്ട് 5000 കളർ ബ്രോഷർ അച്ചടിച്ചു പുറത്തിറക്കി.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ക്ഷേത്രപ്രവേശനവിളംബരം പ്രസക്തിയും പ്രയോജനവും എന്നതിന്റെ 5,000 കളർ ബ്രോഷർ ഗവൺമെന്റ് പ്രസ്സിൽ നിന്നും അച്ചടിച്ചതിലേക്ക് ഡി.റ്റി.പി. സിസൈനിംഗ് ഫിലിം തയ്യാറാക്കൽ എന്നീ ചെലവുകൾക്കായി ആകെ 2,750 രൂപ ചെലവായി.

(ജി) പ്രസ്തുത പ്രസിദ്ധീകരണത്തിന്റെ ഏതാനും പ്രതികൾ 13-11-2003-ന് സമ്മേളന ഹാളിൽ വച്ച് വിതരണം നടത്തുകയുണ്ടായി. ബാക്കിയുള്ള പ്രതികൾ ജില്ലാ പട്ടികജാതി വികസന ഓഫീസുകൾ മുഖേന വിതരണം ചെയ്തുവരുന്നു.

വ്യാജ ജാതിസർട്ടിഫിക്കറ്റ് നേടി ജോലി സമ്പാദിച്ചവർ

123 [1809] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിർത്താഡിന്റെ അന്വേഷണത്തിൽ വ്യാജ ജാതിസർട്ടിഫിക്കറ്റ് നേടി ജോലി സമ്പാദിച്ചവർ ആരെല്ലാം;

(ബി) ഇപ്പോൾ എത്ര പേർക്കെതിരായി അന്വേഷണം നടക്കുന്നുണ്ട്; അന്വേഷണം പൂർത്തിയായി നടപടി സ്വീകരിച്ചത് എത്ര;

(സി) അന്വേഷണത്തിൽ വ്യാജ ജാതിസർട്ടിഫിക്കറ്റ് കൊണ്ട് ജോലി നേടി എന്ന് തെളിഞ്ഞിട്ടും നടപടി സ്വീകരിക്കാത്തത് ആരുടെയെല്ലാം പേരിലാണ്; ഇവർ ഏതെല്ലാം തസ്തികകളിൽ ഏതെല്ലാം വകുപ്പുകളിൽ ജോലി ചെയ്തു വരുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അന്വേഷണത്തെ ബാധിക്കുമെന്നുള്ളതിനാൽ പേരുവിവിരങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

(ബി) മുന്നൂറ് പേർക്കെതിരായി അന്വേഷണം നടക്കുന്നുണ്ട്. 30 കേസുകളിൽ അന്വേഷണം പൂർത്തിയായി നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) അന്വേഷണത്തിൽ വ്യാജ ജാതിസർട്ടിഫിക്കറ്റ് കൊണ്ട് ജോലി നേടിയെന്ന് തെളിഞ്ഞിട്ടും ആരുടേയും പേരിൽ ഇതേവരെ നടപടി സ്വീകരിക്കാതിരുന്നിട്ടില്ല. എന്നാൽ പല കേസുകളിലും വിവിധ കോടതികളുടെ പരിഗണനയിലിരിക്കുന്നതുകൊണ്ട് നടപടികൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. പേരുവിവരങ്ങൾ അന്വേഷണത്തെ ബാധിക്കുമെന്നുള്ളതുകൊണ്ടും പൊതുതാൽപര്യം മുൻനിറുത്തിയും വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly